കേരള സർക്കാർ

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ് –ഷോപ്പിംഗ് കോംപ്ലക്സുകൾ,ബസ് സ്റ്റാന്റുകൾ മുതലായവ സ്ഥാപിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭ്യമാക്കൽ – നടപടി ക്രമങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ(എം.എസ്)നം:147/2009/തസ്വഭവ തിരുവനന്തപുരം, തീയതി:29/7/2009**

---

**<u>ഉത്തരവ്</u>**

ഷോപ്പിംഗ് കോംപ്ലക്സുകൾ /മാർക്കറ്റുകൾ. ബസ് സ്റ്റാന്റുകൾ മുതലായ വരുമാന ദായക പ്രോജക്ടുകളിൽ ഭൂരിഭാഗവും വായ്പാ ബന്ധിത പരിപാടിയായാണ് ഗ്രാമപഞ്ചായത്തുകളും നഗരസഭകളും നടപ്പാക്കി വരുന്നത്. കേരള നഗര വികസന ധനകാര്യ കോർപ്പറേഷൻ പുന:സംഘടിപ്പിച്ച് 2004–ൽ കേരള നഗര–ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ (കെ.യു.ആർ.ഡി.എഫ്.സി) രൂപീകരിച്ചതിനുശേഷം മുഖ്യമായും ഈ കോർപ്പറേഷനിൽ നിന്നാണ് ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ഇത്തരം പ്രോജക്ടുകൾക്ക് വായ്പ സ്വീകരിച്ചു വരുന്നത്. നിർമ്മിച്ച്, പ്രവർത്തിപ്പിച്ച്, കൈമാറുന്ന (BOT) രീതിയിലും ഇത്തരം പ്രോജക്ടുകൾ നടപ്പാക്കി വരുന്നുണ്ട്.

2. വായ്പാബന്ധിതമായി നടപ്പാക്കാനുദ്ദേശിക്കുന്ന പ്രോജക്ടുകൾക്ക് കെ.യു.ആർ.ഡി.എഫ്.സി.യിൽ നിന്നല്ലാതെ ദേശസാൽകൃത ബാങ്കുകൾ,സഹകരണ ബാങ്കുകൾ മുതലായ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ സ്വീകരിക്കുന്നതിന് ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സർക്കാർ അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. ദേശസാൽകൃത/സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയെടുക്കുന്നതിനുള്ള സർക്കാർ അനുമതി നേടുന്നതിന് വ്യക്തമായ നടപടി ക്രമങ്ങൾ നിശ്ചയിക്കേണ്ടതുണ്ടെന്ന് സർക്കാരിന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കുന്ന നടപടി ക്രമങ്ങൾ നിശ്ചയിച്ച് ഉത്തരവാകുന്നു.

2.1 ഷോപ്പിംഗ് കോംപ്ലക്സുകൾ/മാർക്കറ്റുകൾ, ബസ്സ്റ്റാന്റുകൾ മുതലായ വരുമാനദായക പ്രോജക്ടുകൾ നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും ദേശസാൽകൃത/സഹകരണ ബാങ്കുകളിൽ നിന്ന് സർക്കാർ അനുമതിയോടെ വായ്പയെടുക്കാവുന്നതാണ്.

2.2 ഇത്തരം ആവശ്യങ്ങൾക്ക് വായ്പയെടുക്കാൻ ഉദ്ദേശിക്കുന്ന ഗ്രാമപഞ്ചായത്തുകളും നഗരസഭകളും നിർമ്മിതിയുടെ പ്ലാൻ,ഡിസൈൻ,വിശദമായ എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിയതിനുശേഷം ഏതൊക്കെ സ്രോതസ്സുകളിൽ നിന്ന് ഫണ്ട് ലഭ്യമാക്കാൻ കഴിയുമെന്ന് പരിശോധിച്ച് വായ്പയെടുക്കാൻ ഉദ്ദേശിക്കുന്ന തുക എത്രയാണെന്ന് കണക്കാ

ക്കേണ്ടതും അതിന് അനുസൃതമായി ധനകാര്യ സ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് വായ്പ ലഭ്യമാക്കൽ, തിരിച്ചടവ് കാലയളവ്,പലിശനിരക്ക്, ജാമ്യമായി നൽകുന്ന ആസ്തി എന്നിവ സംബന്ധിച്ച് ധാരണയിലെത്തുകയും വേണം.

2.3 വായ്പാതുക എസ്റ്റിമേറ്റ് തുകയെക്കാൾ അധികരിക്കാൻ പാടില്ല. വായ്പാതുകയും പലിശയും തിരിച്ചടയ്ക്കുന്നതിന് പ്രോജക്ടിൽ നിന്ന് ലഭിക്കുന്ന വരുമാനം വിനിയോഗിക്കണം. ലഭിക്കുന്ന വരുമാനം മുതലും പലിശയും തിരിച്ചടയ്ക്കുന്നതിന് തികയുന്നില്ലെങ്കിൽ മാത്രമെ തനത് ഫണ്ട് വിനിയോഗിക്കാൻ പാടുള്ളു. മറ്റ് ഫണ്ടുകൾ വിനിയോഗിക്കാൻ പാടില്ല.

2.4 തുടർന്ന് വായ്പയെടുക്കുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണസ്ഥാപനം തീരുമാനമെടുക്കണം. തീരുമാനത്തിന്റെ മിനിട്സിൽ വായ്പാതുക, വായ്പയെടുക്കുന്ന ബാങ്ക്, പലിശ നിരക്ക്, ഓരോവർഷവും തിരിച്ചടയ്ക്കുന്ന തുക, (പ്രോജക്ടിൽ നിന്ന് ലഭിക്കുന്ന വരുമാനം കൂടാതെ തനത് ഫണ്ട് കൂടി വായ്പ തിരിച്ചടയ്ക്കുന്നതിന് ഉപയോഗിക്കുന്നുണ്ടെങ്കിൽ രണ്ട് സ്രോതസുകളിൽ നിന്നും തിരിച്ചടയ്ക്കുന്ന തുക പ്രത്യേകം രേഖപ്പെടുത്തണം) വായ്പയ്ക്ക് ജാമ്യമായി നൽകുന്ന ആസ്തി/ആസ്തികൾ, വായ്പയും പലിശയും തിരിച്ചടയ്ക്കുന്നതാണെന്നുള്ള തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ ഉറപ്പ് (assurance) വ്യക്തമാക്കുന്ന തീരുമാനം, അതിൽ വീഴ്ച വരുത്തുകയാണെങ്കിൽ തദ്ദേശസ്വയംഭരണസ്ഥാപനത്തിനുള്ള ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് സർക്കാർ തലത്തിൽ കുറവ് ചെയ്ത് ബന്ധപ്പെട്ട ബാങ്കിന് നൽകാവുന്നതാണെന്നുള്ള സമ്മതപത്രം എന്നീ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.

2.5 തുടർന്ന് വായ്പയെടുക്കുന്നതിന് കേരള ലോക്കൽ അതോറിട്ടീസ് ലോൺ ആക്റ്റ് (1963) പ്രകാരമുള്ള സർക്കാർ അനുമതിക്കായി നിർദ്ദേശങ്ങൾ തയ്യാറാക്കി ഗ്രാമപഞ്ചായത്തുകൾ ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേനയും നഗരസഭകൾ നഗരകാര്യ ഡയറക്ടർ മുഖേനയും സർക്കാരിന് സമർപ്പിക്കണം. നിർദ്ദേശങ്ങളോടൊപ്പം ചുവടെ പ്രതിപാദിക്കുന്ന രേഖകൾ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

1. പ്ലാൻ, ഡിസൈൻ, എസ്റ്റിമേറ്റിന്റെ സംക്ഷിപ്തം എന്നിവയുടെ പകർപ്പ്
2. വായ്പയെടുക്കുന്ന തുക, വായ്പയെടുക്കുന്ന ദേശസാൽകൃത/സഹകരണബാങ്ക് (ബ്രാഞ്ചിന്റെ പേര് ഉൾപ്പെടെ),തിരിച്ചടവ് കാലയളവ്, പലിശ നിരക്ക്, പ്രതിവർഷം തിരിച്ചടയ്ക്കുന്ന വായ്പാതുകയും പലിശയും,ഖണ്ഡിക 2.4-ലെ നിബന്ധനകൾക്ക് വിധേയമായി ഏതൊക്കെ സ്രോതസിൽ നിന്നുള്ള പണം വിനിയോഗിച്ചാണ് തുക തിരിച്ചടയ്ക്കുന്നത് മുതലായ വിവരങ്ങൾ.
3. തനതു വരുമാനത്തെയും ചെലവിനെയും സംബന്ധിക്കുന്ന ഏറ്റവും അവസാന മൂന്ന് വർഷത്തെ ആഡിറ്റ് ചെയ്ത അക്കൗണ്ട്സ് സ്റ്റേറ്റ്മെന്റ്.
4. വായ്പാതിരിച്ചടവ് പൂർത്തിയാകുന്നതുവരെ പ്രതിവർഷം പ്രോജക്ടിൽ നിന്നും പ്രതീക്ഷിക്കുന്ന ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ്.
5. ഖണ്ഡിക 2.4-ൽ വിവരിച്ചിട്ടുള്ളത് പ്രകാരമുള്ള ഭരണ സമിതി തീരുമാനത്തിന്റെ ശരിപ്പകർപ്പ്
6. വായ്പയെടുക്കുന്നതിന് ജാമ്യം നൽകാൻ ഉദ്ദേശിക്കുന്ന ആസ്തി/ആസ്തികളുടെ വിവരങ്ങൾ.
7. തദ്ദേശസ്വയംഭരണ സ്ഥാപനം ആവശ്യപ്പെട്ടിട്ടുള്ളത് പ്രകാരം വായ്പ നൽകാൻ സന്നദ്ധമാണെന്നുള്ള ബന്ധപ്പെട്ട ധനകാര്യ സ്ഥാപനത്തിന്റെ സമ്മതപത്രം.

2.6 വിഭാവനം ചെയ്തിട്ടുള്ളത് പ്രകാരം പ്രോജക്റ്റിൽ നിന്നും വരുമാനം ലഭിക്കാനിടയില്ലാത്ത സാഹചര്യം സംജാതമാകുകയാണെങ്കിൽ ഗ്രാമപഞ്ചായത്തിന്/നഗരസഭയ്ക്ക് തനത് ഫണ്ട് വിനിയോഗിച്ച് വായ്പയും പലിശയും തിരിച്ചടയ്ക്കാൻ കഴിയുമോ എന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ/നഗരകാര്യ ഡയറക്ടർ പരിശോധിക്കേണ്ടതാണ്. അതിന്റെ അടിസ്ഥാനത്തിൽ വായ്പയെടുക്കാൻ അനുമതി നൽകേണ്ടതുണ്ടോ എന്നത് സംബന്ധിച്ച് വ്യക്തമായ ശുപാർശ ഉൾപ്പെടെയായിരിക്കണം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ/നഗരകാര്യഡയറക്ടർ സർക്കാരിലേയ്ക്ക് അപേക്ഷ ശുപാർശ ചെയ്യേണ്ടത്.

2.7 വായ്പയെടുക്കുന്നതിന് സർക്കാർ അനുമതി ലഭിക്കുകയാണെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി പുറപ്പെടുവിച്ചിട്ടുള്ള മരാമത്ത് ചട്ടങ്ങളെ അടിസ്ഥാനമാക്കി മാത്രമെ പ്രവൃത്തി നടപ്പാക്കാൻ പാടുള്ളു.

2.8 ഇത്തരം പ്രോജക്ടുകൾക്ക് കെ.യു.ആർ.ഡി.എഫ്.സിയിൽ നിന്നും വായ്പയെടുക്കുന്നതിനും ഈ നടപടിക്രമങ്ങൾ ബാധകമായിരിക്കും.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
എസ്.എം.വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

1. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
5. സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യവകുപ്പ്, തിരുവനന്തപുരം
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണബോർഡ്, തിരുവനന്തപുരം
7. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
8. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
9. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
10. മുഖ്യനഗരാസൂത്രകൻ,തിരുവനന്തപുരം
11. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ
12. ഡയറക്ടർ, സ് റ്റേറ്റ് ഇൻസ് റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ് മെന്റ്, കൊട്ടാരക്കര
13. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ,തിരുവനന്തപുരം
14. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം :വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി.

15. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
16. എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി(ജില്ലാകളക്ടർമാർ)മാർക്കും
17. എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
18. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
19. എല്ലാപഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
20. എല്ലാ അസിസ്റ്റന്റ് ഡവലപ് മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
21. എല്ലാകുടുംബശ്രീ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർമാർക്കും
22. എല്ലാ ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസർമാർക്കും
23. എല്ലാ നഗരകാര്യ മേഖല ജോയിന്റ് ഡയറക്ടർമാർക്കും
24. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
25. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
26. ജനറൽ സെക്രട്ടറി, കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ
27. സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
28. സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
29. സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
30. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ)കേരള,തിരുവനന്തപുരം
31. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ,തിരുവനന്തപുരം
32. സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം ( ബന്ധപ്പെട്ട എല്ലാവർക്കും പകർപ്പ് ലഭ്യമാക്കുന്നതിനായി)
33. കരുതൽഫയൽ
34. ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Mohanan

സെക്ഷൻ ഓഫീസർ.